കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാറാം സമ്മേളനം

2001 മാർച്ച് 2, വെള്ളി

വാല്യം 113] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2001 മാർച്ച് മാസം 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 209

കേര കൃഷിയുടെ വികസനം

1 (*209) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കേരകൃഷിയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കേരോൽപ്പാദനവും കേരകൃഷിക്ക് ഉപയോഗിച്ച ഭൂമിയുടെ വിസ്തൃതിയും വർദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ കേരോൽപ്പാദനത്തിലും വിസ്തൃതിയിലും കൈവരിക്കാനായ നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം നാളികേരത്തിന്റെ ഉൽപ്പാദനക്ഷമതയിലുണ്ടായ നേട്ടങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് കേരകൃഷി പ്രോൽസാഹിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും നാളികേരത്തിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാശം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച് 1997-98-ന് 10.20 ലക്ഷം ഹെക്ടറായിരുന്ന നാളികേര കൃഷിയുടെ വിസ്തൃതി 10.78 ലക്ഷം ഹെക്ടറായി വർദ്ധിച്ച് 1997-98-ൽ ഉൽപ്പാദനം 5911 ദശലക്ഷം നാളികേരമായിരുന്നു. അത് 1998-99-ൽ 6672 ദശലക്ഷമായി വർദ്ധിച്ച് ഹെക്ടറിന് 5793 ആയിരുന്ന ഉല്പാദനക്ഷമത 1998-99-ൽ ഹെക്ടറിന് 6188 നാളികേരം എന്ന നിലയ്ക്ക് വർദ്ധിച്ചു.

(ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 14.84 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാളികേരത്തിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുക, നാളികേരാധിഷ്ഠിത വ്യവസായങ്ങളുടെ വൈവിദ്ധീകരണം സാദ്ധ്യമാക്കുക എന്നിവയെ സംബന്ധിച്ച പ്രവർത്തനങ്ങൾക്കായി ഒരു കോക്കനട്ട് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചു. പ്രൊമോഷൻ കൗൺസിലിന്റെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരുന്നു. നാളികേര കൃഷിയുടെ സമഗ്ര വികസനത്തിനായി, കോക്കനട്ട് ടെക്നോളജി മിഷൻ പ്രോഗ്രാമിനായി 896.34 കോടി രൂപയുടെ ഒരു പ്രോജക്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചു. ഇളനീരിന്റെ ഉപഭോഗം വർദ്ധിപ്പിക്കാൻ നടപടികൾ കൈക്കൊണ്ടു. ഇളനീർ ടെട്രാ പാക്കിലാക്കി വിതരണം ചെയ്യാനുള്ള പദ്ധതി കേരഫെഡ് ഏറ്റെടുത്തിട്ടുണ്ട്. നാളികേരം അടിസ്ഥാനമാക്കി മൂല്യ വർദ്ധനവ് വരുത്തിയ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്റ്റ് കേരഫെഡ് ഏറ്റെടുത്തിട്ടുണ്ട്. 15 കോടി രൂപ ഈ പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : സർ, നാളികേരത്തിന്റെ നാടാണ് കേരളം എന്നാണ് വയ്പ്. നാളികേര ഉല്പാദന വർദ്ധനവ് ലക്ഷ്യം വച്ച് മേൽത്തരം തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്ന നഴ്സറികൾ ഓരോ ഗ്രാമ പഞ്ചായത്തിലും ഉണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കോക്കനട്ട് നഴ്സറി-തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിലെ ചില ഫാമുകളിലാണ് ഇതിനുള്ള സംവിധാനമുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് എല്ലാ പഞ്ചായത്തിലും ഈ സംവിധാനമായിട്ടില്ലെങ്കിലും ബ്ലോക്ക് അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള, അത്യുല്പാദന ശേഷിയുള്ള, രോഗപ്രതിരോധശേഷിയുള്ള, നല്ല തെങ്ങിൻതൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. അലി ഹസ്സൻ : സർ, നമ്മുടെ തൊട്ട് അയൽ സംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കൂടുതൽ ഉല്പാദനക്ഷമതയുള്ള തെങ്ങിൻ തൈകൾ കൃഷി ചെയ്യുന്നതായി മനസ്സിലാക്കുന്നു. രോഗപ്രതിരോധ നടപടികൾ, പരിചരണം മുതലായ കാര്യങ്ങൾ സംബന്ധിച്ച് ആ സംസ്ഥാനങ്ങളിൽ പോയി പഠിച്ച് അവ നമ്മുടെ സംസ്ഥാനത്തു നടപ്പാക്കുന്നതു സംബന്ധിച്ച് സർക്കാർ പ്രത്യേക ശ്രദ്ധകേന്ദ്രീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നമ്മുടെ സംസ്ഥാനത്തെക്കാൾ ഉല്പാദനക്ഷമത കൂടുതലാണ്. അതിന്റെ ഒരു പ്രധാന കാരണം, നമ്മുടെ തെങ്ങുകൃഷി ആരംഭിച്ചിട്ട് ആയിരക്കണക്കിന് വർഷങ്ങളായി എന്നാണ് ചരിത്രകാരന്മാർ പറയുന്നത്. തമിഴ്നാട്, കർണാടക, ആന്ധ്ര പ്രദേശ് എന്നിവിടങ്ങളിൽ തെങ്ങുകൃഷി ആരംഭിച്ചത് ഈയിടെയാണ്. പ്രായം കൂടുംതോറും തെങ്ങിന്റെ ഉല്പാദനക്ഷമത കുറയും. ഈ സംസ്ഥാനങ്ങളിലെ തെങ്ങുകൾക്ക് പ്രായം വളരെ കുറവാണ്. എന്നതുകൊണ്ട് ഉല്പാദനക്ഷമത അവിടെ കൂടുതലാണ്. എന്നാൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ആ പ്രദേശങ്ങളിൽ നിന്നു ലഭ്യമാക്കുന്ന കാര്യം ഗവൺമെന്റിനു പരിശോധിക്കാവുന്നതേയുള്ളൂ.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, കുമരകം പാക്കേജിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി കേന്ദ്രത്തിലേയ്ക്ക് അയച്ച പദ്ധതി കേന്ദ്രം നിരസിച്ചു എന്നു പത്രവാർത്ത വന്നു. അതിന്റെ സ്ഥിതി എന്താണ് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി കുമരകത്തു പ്രഖ്യാപിച്ച പാക്കേജ് പദ്ധതിയിൽ കോക്കനട്ട് ടെക്നോളജി മിഷൻ ദേശീയതലത്തിൽ സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. അതു സംബന്ധിച്ച് കേരള ഗവൺമെന്റിനു ഔദ്യോഗികമായി ഒരു വിവരവും കേന്ദ്ര ഗവൺമെന്റിൽ നിന്നു ലഭിച്ചിട്ടില്ല. പത്രത്തിൽ കണ്ട വാർത്തയുടെ അടിസ്ഥാനത്തിലും മറ്റും സംസ്ഥാന ഗവൺമെന്റ് 896.34 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന ടെക്നോളജി മിഷൻ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചു. അതിനുശേഷം അതു നിരസിച്ചതായി സംസ്ഥാന ഗവൺമെന്റിന് അറിയില്ല. നമ്മൾ അയച്ച പ്രോജക്ടിൽ കുറച്ചുകൂടി കാര്യങ്ങൾ ഉൾക്കൊള്ളിക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് നമ്മൾ സമർപ്പിച്ച പ്രോജക്ട് കുറച്ചുകൂടി വിപുലീകരിച്ചു സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, തെങ്ങിൻ തോട്ടങ്ങളിൽ ജലസേചന സംവിധാനങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നുണ്ടോ ; അതുപയോഗിച്ച് ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചു വരുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇന്നത്തെ സാഹചര്യത്തിൽ തെങ്ങുകൃഷിക്കാർക്ക് പുതിയ വരുമാനമുണ്ടാക്കുന്നതിന് ഇടവിളകൃഷി വളരെ പ്രധാനമാണ്. തെങ്ങുകൃഷിക്കാർ ഇത്രയധികം ഭൂമി തരിശ്ശിടുന്നത് കേരളത്തിലാണ്. പച്ചക്കറി, കുരുമുളക്, പുതിയ ഇനം കശുമാവ്, വാഴ, ഏത്തവാഴ, പഴവർഗ്ഗങ്ങൾ, കാച്ചിൽ, പാൽച്ചേമ്പ് വെട്ടുചേമ്പ്, ചേന തുടങ്ങിയ ഇടവിളകൃഷി നടത്തുന്നതിനാവശ്യമായ നടപടികൾ കഴിഞ്ഞ രണ്ടു വർഷമായി ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്. കർഷകരിൽനിന്ന് നല്ല സ്വീകരണമാണ് കിട്ടിയിട്ടുള്ളത്. അത് വ്യാപകമാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, നാളികേരത്തിന്റെ ഉല്പാദനക്ഷമതയുമായി ബന്ധപ്പെട്ട് നാം ഒട്ടേറെ ചർച്ചകൾ ചെയ്യുന്നുണ്ട്. കർണ്ണാടകത്തിലേയും തമിഴ്നാട്ടിലേയും ഉല്പാദനക്ഷമതയുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മൾ വളരെ പിന്നിലാണ്. കേരളത്തിലെ നാളികേരത്തിന്റെ രുചിയല്ല തമിഴ്നാട്ടിലെ നാളികേരത്തിന്റേത്. ലക്ഷദ്വീപിലെ നാളികേരത്തിന്റെ രുചി വ്യത്യസ്തമാണ്. മാത്രമല്ല, എണ്ണയുടെ അംശം കൂടുതലായിട്ടുള്ളത് കേരളത്തിലെ നാളികേരത്തിനാണ്. കൂടാതെ കേരളത്തിലെ നാളികേരത്തിനു പ്രാദേശിക വ്യത്യാസവും ഉണ്ട്. തീര പ്രദേശങ്ങളിലെ നാളികേരത്തിന്റെ രുചിയും ഗുണവുമല്ല ഇടനാട്ടിലെ നാളികേരത്തിനുള്ളത്. പാറപ്പുറത്തു വിളയുന്ന നാളികേരത്തിന് വ്യത്യസ്തമായ രുചിയും ഗുണവുമുണ്ട്. ഇതേല്ലാം കണക്കിലെടുത്തു കൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ ഗുണമേന്മ വർദ്ധിപ്പിക്കാൻ കഴിയും. അതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഏറ്റവും സ്വാദിഷ്ടമായിട്ടുള്ള നാളികേരം നാടൻ ഇനങ്ങളാണ്. ഏറ്റവും കൂടുതൽ വെളിച്ചെണ്ണ ഉള്ളതും നാടൻ ഇനങ്ങളിലാണ്. നാടൻ ഇനങ്ങളിൽനിന്നുള്ള വിത്തുതേങ്ങ ശേഖരിച്ച് ഗുണമേന്മയുള്ള തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ലക്ഷദ്വീപ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ഏറ്റവും നല്ല ഗുണമേന്മയുള്ള, അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് തെങ്ങിൻതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന നടപടി മുമ്പ് ഇവിടെ ഉണ്ടായിരുന്നു. ഇപ്പോൾ അത് ഇവിടെ വികസിപ്പിച്ചെടുത്തു വിതരണം ചെയ്യുന്ന സംവിധാനമുണ്ട്. അങ്ങനെ ഗുണമേന്മയുള്ള, നല്ല ഓയിൽ കണ്ടെന്റ് ഉള്ള നാളികേരം കിട്ടുന്ന വിധത്തിൽ കൃഷി വ്യാപിപ്പിക്കുക എന്നതുതന്നെയാണ് ഗവൺമെന്റിന്റെ ഉദ്ദേശം.

ശ്രീ. ജോൺ ഫെർണാണ്ടസ് : നാളികേര കൃഷിയെ സംരക്ഷിക്കുന്നതിനു വേണ്ടി കേന്ദ്രഗവൺമെന്റിന്റെ കീഴിൽ ഒരു ഗവേഷണ കേന്ദ്രം കായംകുളത്തുണ്ട്. അതുപോലെസംസ്ഥാന കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ നീലേശ്വരം പോലെയുള്ള പല സ്ഥലങ്ങളിലും ഗവേഷണ കേന്ദ്രങ്ങളുണ്ട്. കാസർഗോഡാണ് ഏറ്റവും വലിയ ഗവേഷണകേന്ദ്രം ഇന്നുള്ളത്. ഇവരുടെ പഠനങ്ങളുടെ

അടിസ്ഥാനത്തിൽ നമുക്ക് കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തിനിടയിൽ നാളികേര ഉൽപ്പാദനത്തിന്റെയും അവയുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന്റെയും കാര്യത്തിൽ എത്രത്തോളം മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് വല്ല കണക്കും ഗവൺമെന്റിന്റെ കൈവശമുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതിന് പ്രത്യേകം നോട്ടീസ് തന്നു കൊണ്ട് ഒരു ചോദ്യം ചോദിച്ചാൽ നന്നായിരിക്കും. അല്ലെങ്കിൽ അതിന്റെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം ബഹുമാനപ്പെട്ട അംഗത്തിന് രേഖാമൂലം മറുപടി കൊടുക്കാം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : നാളികേര കൃഷിയടക്കമുള്ള എല്ലാ കൃഷിയുടേയും നൂതനമായ കാര്യങ്ങളെ സംബന്ധിച്ച് ഗവേഷണം നടത്തി സാങ്കേതികമായിട്ടുള്ള ഗുണം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും വിലപ്പെട്ട സംഭാവന കൊടുക്കാൻ കഴിയുന്ന സ്ഥാപനമാണ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി. നമ്മുടെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്ക് അഭിമാനകരമായ ഒരു പശ്ചാത്തലമുണ്ട്. ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ സെന്ററിന്റെ ഇൻഡ്യയിൽ രണ്ടാമത്തെ റാങ്ക് കിട്ടിയ യൂണിവേഴ്സിറ്റിയാണ് നമുക്കുള്ളത്. പക്ഷേ ഇതിന്റെ എക്സ്റ്റൻഷൻ പരിപാടികൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്നില്ല. കുറച്ചു ചെയ്യുന്നുണ്ട്. പക്ഷേ കുറച്ചും കൂടി ചെയ്യുകയാണെങ്കിൽ ഗവേഷണപരമായി വലിയ നേട്ടമുണ്ടാകും സർ. ഞാൻ കഴിഞ്ഞ ഡി.ഡി.സി.യിൽ പോയപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. മരുന്നു തളിക്കുന്നതിനോട് ജനങ്ങൾക്ക് താൽപ്പര്യക്കുറവുണ്ട്. ജനങ്ങൾക്ക് ഇതിന്റെ ഗുണം എത്തിക്കാൻ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഒരു എക്സ്റ്റൻഷൻ പ്രോഗ്രാം വ്യാപിപ്പിക്കുകയാണെങ്കിൽ കാർഷിക രംഗത്തെ ഗവേഷണഫലങ്ങളുടെ നേട്ടങ്ങൾ ഗ്രാസ് റൂട്ട്‌ലെവലിലേയ്ക്ക് എത്തും. അതിന് എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാർഷിക സർവ്വകലാശാലയുടേയും തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റേയും ഗവേഷണഫലങ്ങൾ ഓരോ കാലഘട്ടങ്ങളിൽ കർഷകരിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള വ്യാപന പ്രവർത്തനം മറ്റ് ഏതൊരു കാലഘട്ടത്തെക്കാളും വിപുലമാക്കാൻ ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. അതിന് കാർഷിക സർവ്വകലാശാലതന്നെ മുൻകൈയെടുത്തിട്ടുണ്ട്. തോട്ടംവിള ഗവേഷണ കേന്ദ്രത്തിലേയും കാർഷിക സർവ്വകലാശാലയിലേയും സയന്റിസ്റ്റുകൾ സംയുക്തമായിട്ടു തന്നെ മരുന്നുതളി വ്യാപകമാക്കാനായി ശക്തമായ ഒരു ബോധവൽക്കരണം നടത്തിയെന്നു മാത്രമല്ല കർഷകരെ അത് ബോദ്ധ്യപ്പെടുത്താനുള്ള ശ്രമവും നടത്തി വരുകയാണ്. ബ്ലോക്ക് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു കൃഷിഭവന്റെ ഇൻഫർമേഷൻ സെന്റർ ഏറ്റവും ആധുനികമായ സംവിധാനത്തോടുകൂടി എല്ലാ ബ്ലോക്കുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരികയാണ്. ആഴ്ചതോറും പുതിയ ശാസ്ത്ര ഗവേഷണഫലങ്ങൾ കർഷകരിൽ എത്തിക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ആവശ്യമായ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൂർണ്ണമായിട്ടില്ല, അതിനുള്ള തുടക്കങ്ങളായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : നാളികേര വിലയിടിവ് സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ള ദുരിതം ചെറുതല്ല. അതിനുള്ള നിരവധി പരിഹാര മാർഗ്ഗങ്ങളിലൊന്ന് ഇളനീർ കൂടുതൽ സംസ്ക്കരിച്ച് അതിന്റെ കാലാവധിയൊക്കെ പൂർത്തിയാക്കി പ്രിസർവ് ചെയ്യുന്നതിന് ആവശ്യമായ ശാസ്ത്രീയ സൗകര്യങ്ങൾ ഉണ്ടാക്കി വിദേശത്ത് കയറ്റുമതി ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയാണെന്നു പറഞ്ഞു. ഇക്കാര്യത്തിൽ നമുക്കു വേണ്ടത്ര മുന്നോട്ടു പോകാൻകഴിഞ്ഞിട്ടുണ്ടോ ? ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കോക്കനട്ട് ബോർഡും കേരഫെഡ്ഡും സംയുക്തമായിട്ട് ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്തു. ആ പ്രോജക്ടിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. ഒരു പ്രോജക്ട് മാത്രം പോര, ഒട്ടേറെ പ്രോജക്ടുകൾ വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കേര കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം നാളികേരം കുറഞ്ഞ വിലയ്ക്ക് മാത്രമേ വിൽക്കാൻ കഴിയുന്നുള്ളു എന്നുള്ളതാണ്. 2 രൂപ മാത്രമേ കിട്ടുന്നുള്ളു. പക്ഷേ ഒരു നാളികേരം വാങ്ങാൻ വേണ്ടി കടയിൽച്ചെന്നാൽ ഏഴര രൂപ വരെ കൊടുക്കേണ്ടി വരുന്നു. ഉല്പാദനം നടത്തുന്ന കർഷകന് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കച്ചവടക്കാർക്ക് അതായത് ഇടനിലക്കാർക്ക് അമിത ലാഭം ലഭിക്കുകയും ചെയ്യുന്നു. ഇതിന്റെ യഥാർത്ഥ വില കർഷകന് ലഭിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നു പരിശോധിക്കാമോ? ഇവിടെ ഇളനീർ പ്രിസർവ് ചെയ്ത് വിൽക്കുന്നതിനെ സംബന്ധിച്ച് പറയുകയുണ്ടായി. അതിനുവേണ്ടി ഗവൺമെന്റ് എന്താണ് ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എന്റെ സുഹൃത്ത് തിരുവഞ്ചൂരിന് മുതലാളിത്തത്തിന്റെ ഇരട്ട ചൂഷണത്തിന്റെ ബാലപാഠം മനസ്സിലായി എന്നുള്ളത് നല്ല ലക്ഷണമാണ്. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാതിരിക്കുകയും കർഷകർക്കാവശ്യമായ മറ്റു സാധനങ്ങൾക്ക് വമ്പിച്ച വില വാങ്ങി ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. കർഷകരിൽ നിന്നും നാളികേരം സ്വീകരിച്ച് വിതരണം ചെയ്യുന്നതിന് ഹോർട്ടി കൾച്ചറൽ കോർപ്പറേഷൻ വഴി സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ട്. അത് വിപുലമായിട്ടില്ല. താമസിക്കാതെ എല്ലാ സ്ഥലങ്ങളിലും ആവശ്യക്കാർക്ക് മിതമായ വിലയ്ക്ക് നാളികേരം ലഭ്യമാക്കാനുള്ള നടപടി പൂർത്തിയായിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : നാളികേര സംസ്ക്കരണവുമായി ബന്ധപ്പെട്ടു കൊണ്ട് സംസ്ഥാനത്ത് കൃഷി വകുപ്പ് ആരംഭിച്ചിട്ടുള്ള ധാരാളം പദ്ധതികൾ നിലവിലുണ്ട്. ഈ സംസ്ക്കരണ യൂണിറ്റുകൾക്ക് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് ? അതിന് എത്ര യൂണിറ്റുകൾ കേരളത്തിൽ ആരംഭിക്കുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേരഫെഡ്ഡിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂരിലാണ് വൈവിദ്ധ്യവൽക്കരണ പ്രവർത്തനം നടത്തുന്നത്. അത് എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടുകൂടിയാണ് നടത്തുന്നത്. 5 കോടി രൂപ അതിനുവേണ്ടി ലഭിച്ചു കഴിഞ്ഞു. വളരെ അടിയന്തിരമായി അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. അതിന് പുറമേ സംസ്ഥാനത്ത് കൊപ്രാ പ്രോസസ്സിംഗ് യൂണിറ്റുകൾ, സഹകരണസംഘങ്ങൾ, വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരഫെഡ് എന്നീ മൂന്നു സ്ഥാപനങ്ങളിലായിട്ട് 20 ലക്ഷം രൂപ വീതം ഓരോ യൂണിറ്റിനും സബ്സിഡി നൽകുന്ന ഒരു പദ്ധതി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനകം 30 യൂണിറ്റുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. 50 യൂണിറ്റു വരെ നൽകാൻ കഴിയും. അതിന് ആവശ്യക്കാരുണ്ടെങ്കിൽ സഹകരണസംഘങ്ങൾക്ക് അപേക്ഷ സമർപ്പിക്കാം. അതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കിട്ടുന്ന അപേക്ഷ പരിഗണിക്കുന്നതായിരിക്കും.

ശ്രീ. കെ. ബാബു : വേരുചീയൽ, മണ്ഡരി തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് മുഴുവൻ തെങ്ങുകളും വെട്ടിക്കളയണമെന്നും പുതിയ തെങ്ങുകൾ വയ്ക്കണമെന്നും വെട്ടിക്കളയുന്ന തെങ്ങിന് 500 രൂപ നഷ്ട പരിഹാരം കൊടുക്കണമെന്നുമുള്ള അപ്രായോഗിക നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതെന്ന് കേന്ദ്ര കൃഷി വകുപ്പുമന്ത്രി ശ്രീ. നിതീഷ്കുമാർ പറഞ്ഞതായി ചില പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ വസ്തുതയെന്താണ് ? കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നിതീഷ് കുമാറിനോട് ബാബുവിന് സ്നേഹവും ബഹുമാനവും തുടങ്ങി എന്നുള്ളത് എനിക്ക് ബോദ്ധ്യമായി, കാറ്റു വീഴ്ച്ചമൂലം ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ, എന്നു പറഞ്ഞാൽ ഒരു വർഷം 10 നാളികേരത്തിന് താഴെയാണ് ആ തെങ്ങിൽ നിന്നു ലഭിക്കുന്നുതെങ്കിൽ പിന്നെ ആ തെങ്ങു നിറുത്തിയിട്ടു കാര്യമില്ല. ഇത്തരം തെങ്ങുകളെ വെട്ടി മാറ്റാനായിട്ട് 500 രൂപ നഷ്ടപരിഹാരം കൊടുക്കണം. തൃപ്തിയുണ്ടെങ്കിലും മാറ്റാം. അതാണ് ഞങ്ങൾ കൊടുത്തിരിക്കുന്ന ഒരു സ്കീം. അല്ലാതെ സംസ്ഥാനത്തെ മുഴുവൻ തെങ്ങുകളേയും വെട്ടി മാറ്റാനായി ഞങ്ങൾ പ്രോജക്ട് കൊടുത്തിട്ടില്ല. വേണമെങ്കിൽ ആ പ്രോജക്ട് ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കാം.

ശ്രീ. ടി. കെ. ബാലൻ : വെളിച്ചെണ്ണ ഉപയോഗിച്ച് മോട്ടോർ വാഹനം ഓടിക്കാമെന്ന ടെക്നോളജിയെപ്പറ്റി കേൾക്കുന്നുണ്ട്. ആ ടെക്നോളജിയെ സംബന്ധിച്ച് ഗവൺമെന്റ് വല്ല ഗവേഷണവും നടത്തിയിട്ടുണ്ടോ ; എന്താണ് അതിന്റെ നിലപാടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതിനെസംബന്ധിച്ച് ശ്രീ. ബാലൻ വൈദ്യരുടെ ഒരു സബ്മിഷനും വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ടി. കെ. ബാലൻ ചോദിച്ചത് വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ്. അങ്ങനെ പത്രങ്ങളിൽ വാർത്ത വരികയുണ്ടായി. ഇത് ഓട്ടോറിക്ഷകളിൽ ഉപയോഗിച്ചതിൽ നിന്നും ഗവൺമെന്റിന് മനസ്സിലാക്കാൻ കഴിഞ്ഞത് എൻജിന്റെ സംരക്ഷണം, കൂടുതൽ കിലോ മീറ്റർ കിട്ടുന്നു. കൂടാതെ പരിസ്ഥിതി സംരക്ഷണവും ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായിട്ടുണ്ടാകുന്നു എന്നുള്ളതാണ്. കിട്ടിയ വിവരമനുസരിച്ച് കാർഷിക സർവ്വകലാശാലയുടെ കേളപ്പജി എൻജിനീയറിംഗ് കോളേജിനോടും റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനോടും ഇതിനെ സംബന്ധിച്ച് ഗവേഷണം നടത്തി റിസൾട്ട് അടിയന്തിരമായി തരാൻ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ആ ഗവേഷണം നടത്താൻ സാമ്പത്തികസഹായം അവർക്ക് ആവശ്യമാണെങ്കിൽ അത് നൽകാമെന്ന് ഗവൺമെന്റ് അവർക്ക് ഉറപ്പും നൽകിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : നാളികേരത്തിന് 50 ശതമാനം ഇമ്പോർട്ട് ഡ്യൂട്ടി വർദ്ധിപ്പിച്ചുവെന്നു പറഞ്ഞു. അത് വർദ്ധിപ്പിച്ചാൽ നാളികേരം പുറത്തു നിന്ന് ഇറക്കുമതി ചെയ്യാതെയിരിക്കാൻ സാധിക്കുമോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ ? രണ്ടാമത്തെ കാര്യം നാളികേരത്തിന്റെ വിലക്കുറവ് തടയണം. ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. അത് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതാണ്. ഇപ്പോൾ വന്നിരിക്കുന്ന മണ്ഡരിരോഗം തടയാനുള്ള നടപടി സ്വീകരിക്കാതെ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ട് ഗവൺമെന്റ് പുറം തിരിഞ്ഞിരിക്കുകയാണ്. അത് അവസാനിപ്പിച്ച് തെങ്ങ് കേരളത്തിന് നഷ്ടപ്പെടാതെയിരിക്കാനുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ നഷ്ടപ്പെടും, ഒറ്റതെങ്ങു പോലും ഈ കേരളത്തിലുണ്ടാവുകയില്ല. ഞാനും ഒരു തെങ്ങ് കൃഷിക്കാരിയാണ്. അതുകൊണ്ട് മണ്ഡരി രോഗം ഇല്ലാതാക്കാൻ സംസ്ഥാന ലെവലിൽ ഏറ്റെടുത്തുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഉല്പാദനക്ഷമത സംസ്ഥാനത്ത് പതുക്കെപ്പതുക്കെ വർദ്ധിച്ചു വരികയാണ്. ഈ ഗവൺമെന്റാണ് രണ്ടു ഹെക്ടർ വരെയുള്ള കേരകൃഷിയ്ക്ക് വൈദ്യുതി സൗജന്യമായിട്ട് പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തത്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. കൃഷിവകുപ്പിന്റെ സാമൂഹ്യ ജലസേചന പദ്ധതി തെങ്ങുകൃഷിക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതി ബഹുമാന്യയായ ഗൗരിയമ്മയുടെ മണ്ഡലത്തിൽ ശ്രീമതി ഗൗരിയമ്മയും ഞാനും കൂടിയാണ് ഉദ്ഘാടനം ചെയ്തത്. ഈ ഗവൺമെന്റ് കൊടുത്തതാണ്. അത് അവിടെ നല്ലതുപോലെ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 88 ലക്ഷം രൂപയുടെ ഒരു സ്കീം വയലാറിൽ തെങ്ങുകൃഷി സംരക്ഷണത്തിനുവേണ്ടി കൊടുത്തിട്ടുണ്ട് ; അതിന്റെ പ്രവർത്തനവും അവിടെ ആരംഭിച്ചിട്ടുണ്ട്. ആ മണ്ഡലവുമായി എനിക്ക് പരിചയമുള്ളതുകൊണ്ട് ഓർമ്മിപ്പിച്ചുവെന്നേയുള്ളു. വയലാർ മണ്ഡലമായതുകൊണ്ട് നമുക്കൊക്കെ അതിനോട് വൈകാരികമായ ഒരു ബന്ധമുണ്ട്. മറ്റൊരു നിർദ്ദേശം ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞത് വളരെ ശരിയാണ്. ഇറക്കുമതി തടയണമെങ്കിൽ നാളികേരത്തിന്റെ, കൊപ്രയുടെ, വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണം. 70 ശതമാനമായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലെ തെങ്ങുകൃഷിക്കാർക്ക് ഒരു ലാഭവുമില്ല, ഒരു നേട്ടവുമില്ല. അതുകൊണ്ട് എണ്ണയുടെ ഇറക്കുമതിച്ചുങ്കം 300 ശതമാനമായിട്ടും നാളികേരത്തിന്റേത് 100 ശതമാനമായിട്ടും സംസ്ക്കരിച്ച ഉൽപ്പന്നങ്ങളുടേത് 150 ശതമാനമായിട്ടും കേന്ദ്രഗവൺമെന്റ് ഉയർത്തുന്നതിൽ കൂടി മാത്രമേ കേരളത്തിലെ കർഷകരെ സംരക്ഷിക്കാനൊക്കുകയുള്ളു. അതാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly